<u>പതിനാലാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2754

17.10.2016-ൽ മറുപടിയ്ക്ക്

## ഗ്രാമീണ കോടതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) & (ബി) | സ.ഉ.(കൈ)നം.86/2011/ആഭ്യന്തരം തീയതി 01.03.2011 പ്രകാരം 30 ഗ്രാമന്യായാലയങ്ങൾ തുടങ്ങാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. താഴെ പറയുന്ന 10 ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>ചടയമംഗലം, നെടുങ്കണ്ടം, പാറശ്ശാല, അഴുത, കൽപ്പറ്റ, ഇരിട്ടി, കൊടുവള്ളി, പാമ്പാടി, വടവൂക്കോട്, പൊന്നാനി. |
| (ബി) എങ്കിൽ എവിടെയെല്ലാമാണ് പുതിയ ഗ്രാമീണകോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | | |
| (സി) കോടതികളിൽ കേസ്സുകൾ പെരുകുന്ന സാഹചര്യത്തിൽ കൂടുതൽ സിവിൽ/ക്രിമിനൽ കോടതികൾ അനുവദിയ്ക്കുന്നതിനായി നടപടി സ്വീകരിക്കുമോ ? | (സി) | സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം തീയതി 02.03.2016 പ്രകാരം കോടതി രൂപീകരണ മുൻഗണനാ പട്ടിക നിലവിലുണ്ട്. അതിൻ പ്രകാരം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും കോടതിയുടെ മുൻഗണന ക്രമമനുസരിച്ചും മാത്രമേ പുതിയ കോടതികൾ ആരംഭിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ